(ബി) പ്രവർത്തന മൂലധനത്തിന്റെ 45.55 ശതമാനവും നിക്ഷേപത്തിന്റെ 51.79 ശതമാനവും വായ്പയായി നൽകി.

(സി) വായ്പാ നിക്ഷേപം അനുപാതം കുറവായ ബാങ്കുകളിൽ ആയതു വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

കശുവണ്ടി തൊഴിലാളികൾക്ക് ജോലി

*11 [101] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ:
,, പിരപ്പൻകോട് മുരളി:
,, ടി. കെ. ദേവകുമാർ:
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പൊതുമേഖലകളിൽ ഉള്ള സംസ്ഥാനത്തെ കശുവണ്ടി വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടത്ര ജോലി ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) മൂന്നുമാസം നടന്ന കശുവണ്ടി തൊഴിലാളികളുടെ സമരത്തെ തുടർന്ന് തൊഴിലാളി സംഘടനകളുമായി സർക്കാർ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു. അവ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നിവയുടെ ഫാക്ടറികളിലെ കശുവണ്ടി തൊഴിലാളികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും എത്ര ദിവസം തൊഴിൽ നൽകുകയുണ്ടായി; ഈ വർഷം എത്ര ദിവസം തൊഴിൽ നൽകാൻ കഴിയും എന്ന് വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ ബാങ്ക് ബാദ്ധ്യതയായി നിജപ്പെടുത്തിയ 107.57 കോടി രൂപ പലിശ സഹിതം ദീർഘകാല വായ്പയായി മാറ്റി അഞ്ചു ഗഡുക്കളായി നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതിൽ ഒന്നാമത്തെ ഗഡുവായി പത്തുകോടി രൂപ നൽകിക്കഴിഞ്ഞു. ഉല്പാദനച്ചെലവ് വ്യവസായം നിലനിർത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ നിലയിലേക്ക് കുറച്ചുകൊണ്ടുവരുന്നതിന് ജീവനക്കാരുടെ വിവിധ യൂണിയനുകളുമായി ചർച്ച ചെയ്ത് ഒരു ഏകദേശ ധാരണയിലെത്തിയിട്ടുണ്ട്. ഈ ധാരണയുടെ അടിസ്ഥാനത്തിൽ സർക്കാരുമായി ധാരണാപത്രത്തിൽ ഒപ്പിടാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) തൊഴിലാളി സംഘടനകളുമായി സർക്കാർ ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകളിലെ പ്രധാനപ്പെട്ടവ താഴെ പറയുകയാണ്.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ധനകാര്യ സ്ഥാപനങ്ങൾക്കുള്ള ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുക, ഫാക്ടറികൾ എത്രയുംവേഗം തുറന്നു പ്രവർത്തനം ആരംഭിക്കുക, സ്വകാര്യ ഉടമയ്ക്ക് വിട്ടുകൊടുത്ത നാല് ഫാക്ടറികളിലെ പ്രശ്നങ്ങൾ തൊഴിൽ വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്ത് അവ വിട്ടുകൊടുക്കാതിരിക്കാൻ അക്വിസിഷൻ മുതലായ നടപടികൾ സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ ചിലതു നടപ്പിലാക്കിയിട്ടുണ്ട്. ബാക്കി വ്യവസ്ഥകൾ പരിശോധിച്ചുവരുകയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം:

കശുവണ്ടി വികസന കോർപ്പറേഷൻ

2001-ൽ 8 ദിവസവും

2002-2003-ൽ 18 ദിവസവും തൊഴിൽ നൽകിയിട്ടുണ്ട്.

2004-ൽ പരമാവധി ദിവസം ജോലി നൽകാൻ നടപടി സ്വീകരിച്ചു വരുന്നു.

കാപ്പെക്സ്

2002—29 ദിവസവും

2003—51 ദിവസവും

2004—23 ദിവസവും ജോലി നൽകിയിട്ടുണ്ട്.

2004-ൽ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ദിവസം ജോലി നൽകാമെന്നു പ്രതീക്ഷിക്കുന്നു.

സഹകാരികളായ കർഷകരെ കടക്കെണിയിൽ നിന്നു രക്ഷിക്കുവാൻ നടപടി

*12 [102] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" ടി. യു. രാധാകൃഷ്ണൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" എം. എ. ചന്ദ്രശേഖരൻ:
" വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാരികളായ കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അവർ തുടർച്ചയായി കടക്കെണിയിൽ അകപ്പെട്ടുപോകാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) ഒരു കർഷകന് സഹകരണ ബാങ്കിൽ നിന്നു വായ്പ ലഭിക്കാൻ അയാളുടെ പേരിൽ ഒരു സർവ്വേ നമ്പരിലുള്ള മുഴുവൻ ഭൂമിയും ബാങ്കിന് പണയപ്പെടുത്തണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) എങ്കിൽ അതുമാറ്റി വായ്പയെടുക്കുന്ന തുകയ്ക്ക് മതിയായ സെക്യൂരിറ്റിക്കുവേണ്ട ഭൂമിമാത്രം ബാങ്കിന് പണയപ്പെടുത്തിയാൽ മതിയെന്ന വ്യവസ്ഥ ഏർപ്പെടുത്തുമോ;

(ഇ) ഇപ്രകാരം ചെയ്യുന്നതുകൊണ്ട് വായ്പ തിരിച്ചടയ്ക്കാൻ പറ്റാത്തപക്ഷം കർഷകന്റെ മുഴുവൻ ഭൂമിയും ജപ്തിചെയ്യുന്ന നടപടി അവസാനിപ്പിക്കാൻ കഴിയുമോ;

LIBRARY ARCHIVES Kerala Legislative Assembly